3/9/16

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -വന്യജീവി വാരാഘോഷം-2016- ഒക്ടോബർ 5-ന് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

**G.O.(Rt)No. 344/2016/F&WLD** തിരുവനന്തപുരം, തീയതി, 23/08/2016

പരാമർശം: 1. 22.07.2015 ലെ സ.ഉ.(സാധാ) നം. 334/2015/വനം.
2. വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 30.06.2016-ലെ ഡബ്ല്യു.എൽ.10-30100/2016 നമ്പർ കത്ത്.

ഉത്തരവ്

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ച വന്യജീവി വാരമായി വർഷംതോറും ആചരിച്ചു വരുന്നുണ്ട്. വനത്തിനേയും വന്യജീവികളേയും സംരക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി എല്ലാ ജനവിഭാഗങ്ങളേയും ബോധവൽക്കരിക്കുക, സംരക്ഷണപ്രവർത്തനങ്ങളിൽ അവരവരുടെ പങ്കാളിത്തവും പ്രേരണയും ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്.

(2) വന്യജീവി വാരാഘോഷത്തിന്റെ സന്ദേശം വിദ്യാർത്ഥികളിലും, ജീവനക്കാരിലും എത്തിക്കുന്നതിന് 05.10.2016-ന് ഉച്ചയ്ക്ക് മുമ്പ് സർക്കാർ ഉദ്യോഗസ്ഥരും, സ്കൂൾ വിദ്യാർത്ഥികളും അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞ എടുക്കണമെന്നും ആയതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

പ്രതിജ്ഞ

"കേരളത്തിന്റെ കാടുകളും, പുഴകളും, വന്യജീവികളുമെല്ലാം ഞങ്ങളുടെ സ്വത്താണ്, നിലനിൽപ്പാണ്, അഭിമാനമാണ്. ഇവ വരും തലമുറകളുടെ അവകാശമാണ്. ഇവയെ ഞങ്ങൾ സംരക്ഷിക്കും. അതിനെ നശിപ്പിക്കാൻ ഒരു ശക്തിയെയും അനുവദിക്കുകയില്ല. കാടും, ജലസമൃദ്ധിയും, പച്ചപ്പും സംരക്ഷിക്കുമെന്ന് ഈ മണ്ണിൽ തൊട്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.
കാടിനു കാവൽ നാം തന്നെ.
കാടിനു കാവൽ നാം തന്നെ.
കാടിനു കാവൽ നാം തന്നെ."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**GIRIJA KUMARI G**
**DEPUTY SECRETARY**

To :- ഗവൺമെന്റ് സെക്രട്ടറിമാർക്ക്.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.